# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-6/417/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 29/06/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-6/417/2021 തീയ്യതി: 29/06/2021

## കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ.ടി.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1)ഗോപാലകൃഷ്ണനായ്ക്.പി ( ഓഡിറ്റ് ഓഫീസർ )
2)രഘുനാഥൻ കെ ( അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ )
3)ജെനുകുര്യാക്കോസ് ( അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ )
4)കെ.സി.കുഞ്ഞിഷ്ണൻ ( അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ )
5)ബിന്ദു വി.വി (ഓഡിറ്റർ )

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മാധവൻ മണിയറ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ടി വി പ്രഭാകരൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ നാരായണൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| അനുസൂര്യ എം | അസിസ്റ്റന്റ് എൻജിനിയർ | 01-04-2019 | 31-03-2020 |
| ധന്യ പി വി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| Dr.അനുരാജ് | വെറ്ററിനറി സർജൻ | 01-04-2019 | 09-10-2019 |
| Dr.ശ്രീവിദ്യ നമ്പ്യാർ | വെറ്ററിനറി സർജൻ | 10-10-2019 | 17-10-2019 |
| Dr.സോന സണ്ണി | വെറ്ററിനറി സർജൻ | 17-10-2019 | 31-03-2020 |
| Dr.പ്രവീൺ കുമാർ | മെഡിക്കൽ ഓഫീസർ PHC | 01-04-2019 | 31-03-2020 |
| Dr.പ്രിയ കെ | മെഡിക്കൽ ഓഫീസർ ഗവ.ആയുർവേദ ഡിസ്പൻസറി | 01-04-2019 | 31-03-2020 |
| Dr.മുജീബ് റഹ്മാൻ | മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പൻസറി | 01-04-2019 | 31-03-2020 |
| സരിത കെ | വി.ഇ.ഒ ചെറുവത്തൂർ സർക്കിൾ | 01-04-2019 | 31-03-2020 |
| സുരേഷ് ബാബു എം | വി.ഇ.ഒ കുട്ടമത്ത് സർക്കിൾ | 01-04-2019 | 31-03-2020 |
| ഇന്ദു എസ് | ഐ.സി.ഡി. എസ് സൂപ്പർവൈസർ | 01-04-2019 | 17-04-2019 |
| സരിത പി | ഐ.സി.ഡി. എസ് സൂപ്പർവൈസർ | 18-04-2019 | 31-03-2020 |
| മാധവൻ പി | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | GWUPS ചെറുവത്തൂർ | | |
| ജോസ് ബാബു | സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 26-07-2019 |
| അബ്ദുള്ള കെ.പി | സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 27-07-2019 | 31-03-2020 |

....

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Gopalakrishna Nayik (Audit Officer, On 24-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 28-06-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-06-2021)<br>Last Updated By: Kunjhikrishnan. K.C (Senior Grade Auditor, On 25-06-2021) | 1-2 |
| 3 | എസ്.എസ്.എ ഫണ്ട് നീക്കിയിരിപ്പ് ബാദ്ധ്യത ശരിയല്ല<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 28-06-2021) | 1-2-1 |
| 4 | ആസ്തി രജിസ്റ്റർ കാലികമല്ല<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 28-06-2021) | 1-2-2 |
| 5 | രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 28-06-2021) | 1-2-3 |
| 6 | സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തിയിട്ടില്ല<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 28-06-2021) | 1-2-4 |
| 7 | സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 28-06-2021) | 1-2-5 |
| 8 | പ്രതിമാസ അക്കൗണ്ടുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്തിട്ടില്ല<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 28-06-2021) | 1-2-6 |
| 9 | പ്രതിമാസ കണക്കുകൾ പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 28-06-2021) | 1-2-7 |
| 10 | വസ്തു നികുതി-ബാലൻസ് തുക ധനകാര്യ പത്രിക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 25-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 28-06-2021) | 1-2-8 |
| 11 | സാമ്പത്തിക വിശകലനം<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 24-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 25-06-2021) | 1-3 |
| 12 | വിവിധ ഫണ്ടുകളുടെ വിനിയോഗ വിവരങ്ങൾ<br>Written By: Gopalakrishna Nayik (Audit Officer, On 24-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-06-2021) | 1-4 |
| 13 | പദ്ധതി അവലോകനം<br>Written By: Jenu Kuriakkose (Senior Grade Auditor, On 24-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 28-06-2021) | 1-5 |
| 14 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: Gopalakrishna Nayik (Audit Officer, On 23-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 28-06-2021) | 1-6 |
| 15 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Raghunadhan. K (Asst. Audit Officer, On 24-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 25-06-2021) | 1-7 |

| | | |
|---|---|---|
| 16 | ക്യാഷ് പരിശോധന<br>Written By: Bindu.V.V (Auditor, On 23-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 27-06-2021) | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം<br>Written By: Gopalakrishna Nayik (Audit Officer, On 24-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 27-06-2021) | 1-9 |
| 18 | പ്രൊജക്ട് നമ്പർ SO58/20 ധാതുലവണങ്ങൾ വിരമരുന്ന് വിതരണം-അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 24-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 28-06-2021) | 1-10 |
| 19 | രേഖകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Bindu.V.V (Auditor, On 25-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-06-2021) | 1-11 |
| 20 | പട്ടികജാതി കോളനികളിലേക്ക് തെരുവ് വിളക്ക് ലൈൻ വലിക്കൽ<br>Written By: Raghunadhan. K (Asst. Audit Officer, On 24-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 29-06-2021) | 1-12 |
| 21 | ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരുവ് വിളക്ക് ലൈൻ വലിക്കൽ പദ്ധതി<br>Written By: Raghunadhan. K (Asst. Audit Officer, On 24-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-06-2021) | 1-13 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 24-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 27-06-2021) | 1-14 |
| 23 | പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 24-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-06-2021) | 1-15 |
| 24 | സ്കൂളുകൾക്ക് ഫർണിച്ചർ വിതരണം - അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 24-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-06-2021) | 1-16 |
| 25 | തുല്യത പഠനം പഠിതാക്കൾക്ക് കോഴ്സ് ഫീസ് -അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 24-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-06-2021) | 1-17 |
| 26 | എസ്.എസ്.എ. പഞ്ചായത്ത് വിഹിതം നൽകൽ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 24-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 27-06-2021) | 1-18 |
| 27 | പ്രൈമറി വിദ്യാലയങ്ങൾക്ക് ലബോറട്ടറി ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 24-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 29-06-2021) | 1-19 |
| 28 | കേരളോത്സവം-2019 നടത്തിപ്പ് അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 24-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 27-06-2021) | 1-20 |
| 29 | മൃഗാശുപത്രിക്ക് ഫർണിച്ചർ വാങ്ങൾ അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 24-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-06-2021) | 1-21 |
| 30 | മുട്ടക്കോഴി വിതരണം വനിതകൾക്ക് - അപാകതകൾ.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 24-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 27-06-2021) | 1-22 |
| 31 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 24-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 27-06-2021) | 1-23 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 23-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 26-06-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 24-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 28-06-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 24-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-06-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്- ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 24-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-06-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 24-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 29-06-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 24-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 27-06-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 24-06-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 27-06-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 24-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-06-2021) | 4-8 |
| 9 | ചാർജ് നടപടി വഴി ഈടാക്കിയ തുക<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 24-06-2021)<br>Last Updated By: Kunjhikrishnan. K.C (Senior Grade Auditor, On 24-06-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 23-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-06-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 24-06-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-06-2021) | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | റസീറ്റ് & പേമന്റ് സ്റ്റേറ്റ്മെന്റ് |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | ബാലൻസ് ഷീറ്റ് |

## ഭാഗം -1

### 1-1 ബജറ്റ്

| വർഷം | 2019-20 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ തീയ്യതി | 1/1, 20/02/2019 | 4/1,28-02-2020 |
| മുന്നിരിപ്പ് | 1,15,76,419 | 2,19,80,319 |
| വരവ് | 18,12,14,950 | 20,38,09,439 |
| ആകെ | 19,27,91,369 | 22,57,89,758 |
| ചെലവ് | 18,73,45,820 | 20,44,62,205 |
| നീക്കിയിരിപ്പ് | 54,45,549 | 2,13,27,553 |

### 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ

ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ചു സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 എസ്.എസ്.എ ഫണ്ട് നീക്കിയിരിപ്പ് ബാദ്ധ്യത ശരിയല്ല

31.03.2020 ലെ ബാലൻസ് ഷീറ്റിലെ 320100116- Centrally Sponsored Scheme-SSA എന്ന ഹെഡിൽ 3,65,256 രൂപയുടെ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. എന്നാൽ ഈ ഫണ്ടിനു മാത്രമായി ഉപയോഗിച്ചിരുന്ന ചെറുവത്തൂർ ഫാർമേർഴ്സ് ബാങ്കിലെ 2260458 നമ്പർ ബാങ്ക് അക്കൗണ്ട് 31-03-2020 ലെ നീക്കിയിരിപ്പ് 3,65,180 രൂപയാണ് എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പ് ബാദ്ധ്യത 3,65,256 രൂപയാണ്. 76/-രൂപ അധികം (76 രൂപ ചെറുവത്തൂർ ഫാർമേർഴ്സ് ബാങ്ക് അക്കൗണ്ടിൽ കുറവ്).റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഈ തുകയുടെ വ്യത്യാസം രേഖപ്പെടുത്തിയിട്ടില്ല.

### 1-2-2 ആസ്തി രജിസ്റ്റർ കാലികമല്ല

ആസ്തി രജിസ്റ്റർ കാലഹരണപ്പെട്ടിട്ടുണ്ട്. വർഷങ്ങളായി ആസ്തി രജിസ്റ്ററിൽ പുതുക്കലുകൾ വരുത്തുകയോ കാലികമാക്കുകയോ ചെയ്തിട്ടില്ല. സചിത്ര സോഫ്റ്റ് വെയറിലെ വിവരങ്ങളും കാലികമല്ല. തന്മൂലം ആസ്തി രജിസ്റ്റർ ഓഡിറ്റിന് ആധികാരികമായി ആശ്രയിക്കാനാവില്ല.

### 1-2-3 രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

എ) ടെണ്ടർ ഫോം / ഷെഡ്യൂൾ വിൽപ്പന രജിസ്റ്റർ - ടെണ്ടർ ഫോറങ്ങളുടെയും ഷെഡ്യൂളുകളുടെയും വിൽപ്പനയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടെണ്ടർ ഫോറങ്ങളുടെ വിൽപ്പന വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ബി) 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 137 പ്രകാരമുള്ള കെട്ടിടങ്ങളുടെ റെഗുലറൈസേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

### 1-2-4 സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

**1-2-5 സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

**1-2-6 പ്രതിമാസ അക്കൗണ്ടുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്തിട്ടില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി സെക്രട്ടറി അടുത്ത മാസം 10-ാം തിയതിക്ക് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യ പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്യേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

**1-2-7 പ്രതിമാസ കണക്കുകൾ പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം സെക്രട്ടറി സമർപ്പിക്കുന്ന പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുകയും ഓഡിറ്റ് ചെയ്യുകയും ചെയ്ത ശേഷം കമ്മിറ്റിയുടെ ശുപാർശയോടു കൂടി തുടർന്നു വരുന്ന പഞ്ചായത്ത് മീറ്റിംഗിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

**1-2-8 വസ്തു നികുതി-ബാലൻസ് തുക ധനകാര്യ പത്രിക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.**

എ) സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും എടുത്ത വാർഡ് തിരിച്ചുള്ള സംഗ്രഹം പ്രകാരമുള്ള ഡിമാന്റ്,കലക്ഷൻ, ബാലൻസ് തുക ധനകാര്യ പത്രിക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

ബി) കുടിശ്ശിക ഡിമാന്റ് സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും എടുത്ത വാർഡ് തിരിച്ചുള്ള സംഗ്രഹ പ്രകാരമുള്ള മുന്നിരിപ്പ്, കൂട്ടിച്ചേർക്കൽ, കുടിശ്ശിക കളക്ഷൻ, നീക്കിയിരിപ്പ് എന്നിവ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

**1-3 സാമ്പത്തിക വിശകലനം**

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2019-20 |
|---|---|
| മുന്നിരിപ്പ് | 2,98,18,887 |
| വരവ് | 12,78,45,231 |
| ആകെ | 15,76,64,118 |
| ചെലവ് | 11,36,95,664 |
| നീക്കിയിരിപ്പ് | 4,39,68,454 |

**1-4 വിവിധ ഫണ്ടുകളുടെ വിനിയോഗ വിവരങ്ങൾ**

വിവിധ ഫണ്ടുകളുടെ അലോട്ട്മെന്റ്, അവയിൽ നിന്നുള്ള ചെലവ്, വിനിയോഗിക്കാത്ത/ലാപ്സായ തുക

എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 14956000 | 14956000 | 14138192 | 817808 | പട്ടികയിലെ ചെലവ് തുക കൂടാതെ506808 രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്. |
| വികസന ഫണ്ട്- എസ്.സി.പി | 0 | 3360000 | 3360000 | 2773511 | 586489 | പട്ടികയിലെ ചെലവ് തുക കൂടാതെ 381622 രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്. |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 0 | 0 | 0 | 0 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9903441 | 9903441 | 9903441 | 0 | |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 9655000 | 9655000 | 8973794 | 681206 | പട്ടികയിലെ ചെലവ് തുക കൂടാതെ 4,94,184 രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്. |
| മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് | 0 | 4189000 | 4189000 | 3778067 | 410933 | പട്ടികയിലെ ചെലവ് തുക കൂടാതെ 667982 രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്. |
| <u>കേന്ദ്രാവിഷ്കൃത പദ്ധതികൾ-</u> | | | | | | |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 14876 | 37755238 | 37770114 | 37282037 | 488077 | |
| സർവ ശിക്ഷാ അഭിയാൻ | 347865 | 17391 | 365256 | 0 | 365256 | |
| സംയോജിത ശിശു വികസന പദ്ധതി | 423074 | 924637 | 1347711 | 900000 | 447711 | - |
| ശുചിത്വ മിഷൻ ഫണ്ട് | 1632823 | 0 | 1632823 | 0 | 1632823 | |
| <u>സംസ്ഥാനാവിഷ്കൃത പദ്ധതികൾ-</u> | | | | | | |
| വിമുക്തി | 36192 | 0 | 36192 | 5110 | 31082 | |
| ശുചിത്വ മിഷൻ ഫണ്ട് | 78701 | 0 | 78701 | 77200 | 1501 | |
| <u>ബി ഫണ്ട്-</u> | | | | | | |
| വിധവകളുടെ പെൺമക്കൾക്കുള്ള | - | 300000 | 300000 | 300000 | 0 | - |

| | | | | | |
|---|---|---|---|---|---|
| വിവാഹ ധനസഹായം | | | | | |
| തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം തൊഴിൽ ചെയ്യവർക്കുള്ള ഇൻസെന്റീവ് | 0 | 294000 | 294000 | 294000 | 0 | - |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 161 | 127 | 34 | - | 78.88 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| നിർവ്വഹണോ ദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| കൃഷി ഓഫീസർ | 6 | 33,59,576 | 6 | 27,68,211 | 82.39 |
| വെറ്റിനറി സർജ്ജൻ | 6 | 14,76,962 | 5 | 13,76,962 | 93.22 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 18,00,000 | 1 | 11,13,496 | 61.86 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 1,67,444 | 2 | 1,67,444 | 100 |
| മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 2 | 11,25,000 | 2 | 11,18,540 | 99.42 |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 3 | 7,17,421 | 3 | 7,17,421 | 100 |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 3,00,000 | 1 | 3,00,000 | 100 |
| പ്രധാനധ്യാപകൻ | 11 | 19,73,877 | 10 | 16,03,141 | 81.21 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 63,57,800 | 6 | 40,43,842 | 63.60 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കുട്ടമ്മത്ത് സർക്കിൾ | 3 | 1,20,01,654 | 3 | 83,81,654 | 69.83 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ചെറുവത്തൂർ സർക്കിൾ | 2 | 1,40,650 | 2 | 99,425 | 70.68 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 21 | 80,67,314 | 13 | 54,36,943 | 67.39 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 33,54,000 | 8 | 16,83,776 | 50.20 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 90 | 4,06,21,363 | 65 | 2,71,25,347 | 66.77 |
| ആകെ | 161 | 8,14,63,061 | 127 | 5,59,36,202 | 78.88 |

വിവിധ ഫണ്ടുകളുടെ മേഖല തിരിച്ചുള്ള വിനിയോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) വികസന ഫണ്ട് - ജനറൽ

| മുന്നിരിപ്പ് | വരവ് | പ്രൊ.ചെലവ് | മറ്റ് ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 0 | 14956000 | 14138192 | 0 | 8,17,808 |

| മേഖല | പ്രൊജക്ടുകളുടെ എണ്ണം | അലോക്കേഷൻ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഉല്പാദനം | 20 | 3738186 | 3555803 | 182383 |
| സേവനം | 67 | 8147343 | 7680393 | 466950 |
| പശ്ചാത്തലം | 70 | 4098453 | 2901996 | 1196457 |
| ആകെ | 157 | 15983982 | 14138192 | 1845790 |

2) വികസന ഫണ്ട് - എസ്.സി.പി

| മുന്നിരിപ്പ് | വരവ് | പ്രൊ.ചെലവ് | മറ്റ് ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 0 | 3360000 | 2773511 | 0 | 586489 |

| മേഖല | പ്രൊജക്ടുകളുടെ എണ്ണം | അലോക്കേഷൻ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഉല്പാദനം | 1 | 531600 | 485300 | 46300 |
| സേവനം | 6 | 2390360 | 1687037 | 703323 |
| പശ്ചാത്തലം | 3 | 969640 | 601174 | 368466 |
| ആകെ | 10 | 3891600 | 2773511 | 1118089 |

3) വികസന ഫണ്ട് - ടി.എസ്.പി

| മുന്നിരിപ്പ് | വരവ് | പ്രൊ.ചെലവ് | മറ്റ് ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 0 | 0 | 0 | 0 | 0 |

| മേഖല | പ്രൊജക്ടുകളുടെ എണ്ണം | അലോക്കേഷൻ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഉല്പാദനം | 0 | 0 | 0 | 0 |
| സേവനം | 0 | 0 | 0 | 0 |
| പശ്ചാത്തലം | 0 | 0 | 0 | 0 |
| ആകെ | 0 | 0 | 0 | 0 |

4) ധനകാര്യ കമ്മീഷൻ ഗ്രാന്റ്

| മുന്നിരിപ്പ് | വരവ് | പ്രൊ.ചെലവ് | മറ്റ് ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 0 | 9903441 | 9903441 | 0 | 0 |

| മേഖല | പ്രൊജക്റ്റുകളുടെ എണ്ണം | അലോക്കേഷൻ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഉല്പാദനം | 0 | 0 | 0 | 0 |
| സേവനം | 4 | 1275409 | 780245 | 495164 |
| പശ്ചാത്തലം | 21 | 10529814 | 9123196 | 1406618 |
| ആകെ | 25 | 11805223 | 9903441 | 1901782 |

5) മെയിന്റനൻസ് ഗ്രാന്റ് (റോഡ്)

| മുന്നിരിപ്പ് | വരവ് | പ്രൊ.ചെലവ് | മറ്റ് ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| | 9655000 | 8973794 | 0 | 681206 |

| മേഖല | പ്രൊജക്റ്റുകളുടെ എണ്ണം | അലോക്കേഷൻ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഉല്പാദനം | 0 | 0 | 0 | 0 |
| സേവനം | 0 | 0 | 0 | 0 |
| പശ്ചാത്തലം | 24 | 11465035 | 8388875 | 3076160 |
| ആകെ | 24 | 11465035 | 8388875 | 3076160 |

6) മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)

| മുന്നിരിപ്പ് | വരവ് | പ്രൊ.ചെലവ് | മറ്റ് ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 0 | 4189000 | 3778067 | 0 | 410933 |

| മേഖല | പ്രൊജക്റ്റുകളുടെ എണ്ണം | അലോക്കേഷൻ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഉല്പാദനം | 4 | 434702 | 428083 | 6619 |
| സേവനം | 16 | 4254298 | 3201039 | 1053259 |
| പശ്ചാത്തലം | 5 | 300000 | 148945 | 151055 |
| ആകെ | 25 | 4989000 | 3778067 | 1210933 |

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 14,876 | 12,08,252 | 12,23,128 | 7,35,051 | 4,88,077 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,65,46,986 | 3,65,46,986 | 3,65,46,986 | 0 |
| ആകെ | 14,876 | 3,77,55,238 | 3,77,70,114 | 3,72,82,037 | 4,88,077 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 1,555 പദ്ധതികളുൾപ്പെടുന്ന 36,92,72,278 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 113പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 1,31,348 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 136 കുടുബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2019-20 | വാർദ്ധക്യകാല പെൻഷൻ | 1,02,48,300 | 1,898 |
| | കർഷകതൊഴിലാളി പെൻഷൻ | 24,07,200 | 403 |
| | വിധവാ പെൻഷൻ | 75,88,200 | 1,319 |
| | വികലാംഗ പെൻഷൻ | 18,00,400 | 323 |
| | അവിവാഹിത പെൻഷൻ | 3,45,000 | 62 |
| | വിവാഹ ധനസഹായം | 3,00,000 | 10 |
| | തൊഴിൽ രഹിത വേതനം | 0 | 0 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോന 17-06-2021 തീയതിയിൽ അപരാഹ്നം 3.00 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 560/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 4 |

| | | |
|---|---|---|
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | പാർട്ട് ടൈം സ്വീപ്പർ | 2 |

ഓഫീസ് ജോലി വിഭജനം

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

ഭരണസമിതി യോഗം

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 30 തവണ യോഗം ചേർന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്.

കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting)-

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 12 തവണ ചേർന്നിട്ടുണ്ട്.

പേഴ്സണൽ രജിസ്റ്റർ-

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും ആരും തന്നെ അത് പരിശോധിക്കുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്. ജീവനക്കാരുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. സൂചിക സോഫ്റ്റ് വെയർ 2019-20 വർഷത്തിൽ ബാധകമാക്കിയിട്ടില്ല.

1-10 പ്രൊജക്ട് നമ്പർ S058/20 ധാതുലവണങ്ങൾ വിരമരുന്ന് വിതരണം-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S0058/20 |
| പ്രോജക്ടിന്റെ പേര് | ധാതുലവണങ്ങൾ ,വിരമരുന്ന് നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സെർജൻ,<br>ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് |
| അടങ്കൽ | 76,000/-രൂപ<br>മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് തുക | 76,000/-രൂപ |
| ബിൽ നമ്പർ, തീയതി | 03/19-20 -76,000/-രൂപ, 25-01-2020 |

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ S0058/20 പ്രകാരം ഗ്രാമപഞ്ചായത്തിലെ 76 ഗുണഭോക്താക്കൾക്ക് ധാതുലവണങ്ങൾ, വിരമരുന്ന് നൽകൽ പദ്ധതിക്കായി മെയിന്റനൻസ് ഫണ്ടിൽ (റോഡിതരം)നിന്ന് 76,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള ഫീഡ്സ് ലിമിറ്റഡ് കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നമ്പർ.KFLPI-19-20-034457 തിയ്യതി 02-12-2019 പ്രകാരം 760 കിലോ ധാതുലവണങ്ങൾ, വിരമരുന്ന് വാങ്ങിയതിന് 76,000/-രൂപ കേരള ഫീഡ്സ് ലിമിറ്റഡ് കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു(അക്കൗണ്ട് നം.KFLTSRKGA150025).

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

1)ഈ പദ്ധതിയുടെ ഗുണഭോക്തൃ പട്ടിക പ്രകാരം 76 ഗുണഭോക്താക്കൾക്ക് ധാതുലവണങ്ങൾ,വിരമരുന്ന് വിതരണം നടത്തിയിട്ടുണ്ട്. ആകെ 760 കിലോഗ്രാം ധാതുലവണങ്ങൾ, വിരമരുന്നുകളാണ് വാങ്ങിയത്.

ഗുണഭോക്താക്കൾക്ക് എത്ര കിലോവീതം ധാതുലവണങ്ങൾ, വിരമരുന്ന് നടത്തിയത് സംബന്ധിച്ച രേഖകൾ ലഭ്യമല്ല. ആയത് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2)പർച്ചേസ് കമ്മിറ്റി ധാതുലവണമിശ്രിതം,വിരമരുന്നുകളുടെ ഗുണനിലവാരം പരിശോധിച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല.

3)ഈ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റ് പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. ആയതിനാൽ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.ആയതിനാൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 76,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (22-06-2021 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.05)

## 1-11 രേഖകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 33/19-20 |
| പ്രൊജക്ടിന്റെ പേര് | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ് |
| അടങ്കൽ തുക | 55,444 |
| ചെലവ് തുക | 55,444 |
| ബിൽ നം. | 1/19-20 തീയതി:16.12.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

| | |
|---|---|
| പ്രൊജക്ട് നമ്പർ | 34/19-20 |
| പ്രൊജക്ടിന്റെ പേര് | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ |
| അടങ്കൽ തുക | 1,12,000 |
| ചെലവ് തുക | 1,12,000 |
| ബിൽ നം. | 2/19-20 തീയതി:16.12.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

ചെറുവത്തൂർ ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ ഫിഷറീസ് സബ്ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ട് നം.S033/19-20 -മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്, പ്രൊജക്ട് നം. S034/19-20 - മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ എന്നിവയുടെ ചെലവുമായി ബന്ധപ്പെട്ട താഴെ കൊടുത്തിരിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

1) ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തുകൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം

2) ഇതേ ആനുകൂല്യം വകുപ്പിൽ നിന്നോ, ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് പദ്ധതിമുഖേന കൈപ്പറ്റിയിട്ടില്ല എന്നതിന്റെ സാക്ഷ്യപത്രം

3) മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്

മേൽ കാരണങ്ങളാൽ പദ്ധതികൾക്കായി ചെലവഴിച്ച 1,67,444/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

(ഓഡിറ്റ് എൻക്വയറി നം.17/19-20തീയതി :25.06.2021)

1-12 പട്ടികജാതി കോളനികളിലേക്ക് തെരുവ് വിളക്ക് ലൈൻ വലിക്കൽ

നിർവ്വണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി

പ്രൊജക്ട് നം.213/2020

അടങ്കൽ - 8,20,473/- രൂപ (എസ്.സി.പി)

ആകെ ചെലവ് - 3,59,142/-രൂപ

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കോളനികളായ മലയരു, വടക്കേവളപ്പ്, തെക്കേവളപ്പ് എന്നിവിടങ്ങളിൽ തെരുവ് വിളക്ക് ലൈൻ വലിക്കാനുള്ളതാണ് ഈ പദ്ധതി. കേരള സംസ്ഥാന വൈദ്യുതി ബോർഡ് പിലിക്കോട് സെക്ഷന്റെ ഭരണാനുമതി നം.DB25/AS/22/19-20/Dt.30.11.2019, ഡിമാന്റ് നോട്ടീസ് നം.DB/Demand Note PPS Work/2019-20/55/Dt.17.12.2019 എന്നിവ പ്രകാരം ഈ പദ്ധതിക്കായി പ്രകാരം ആകെ 3,59,142 /-രൂപ പിലിക്കോട് സെക്ഷന്റെ ബാങ്ക് അക്കൗണ്ട് നം. 67033196928/SBI കയ്യൂർ ബ്രാഞ്ചിലേക്ക് നിക്ഷേപം നടത്തിയിട്ടുണ്ട്. ബിൽ നം.07/2019-20 /തിയ്യതി -9.12.2019 -3,59,142/- രൂപ. ഈ പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ 3,59,142/-രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.11/23.6.2021 )

1-13 ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരുവ് വിളക്ക് ലൈൻ വലിക്കൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രൊജക്ട് നം.05/2020

വികസന ഫണ്ട് ജനറൽ - 10,05,444/- രൂപ

ചെലവ് - 10,05,44/- രൂപ

ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - 14,00,000/-രൂപ

ചെലവ് - 13,96,507/-രൂപ

തനത് ഫണ്ട് - 1,94,556/-രൂപ

ചെലവ് - 1,94,556/-രൂപ

------------------------

ആകെ അടങ്കൽ - 26,00,000/- രൂപ

ആകെ ചെലവ് – 25,96,507/-രൂപ

കേരള സംസ്ഥാന വൈദ്യുതി ബോർഡ് പിലിക്കോട് സെക്ഷന്റെ ഭരണാനുമതി നം.DB25/AS/28/19-20/Dt.13.12.2019, ഡിമാന്റ് നോട്ടീസ് നം.DB/Demand Note PPS Work/2019-20/58/Dt.17.12.2019 ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരുവ് വിളക്ക് ലൈൻ വലിക്കാനുള്ള ഈ പദ്ധതിക്കായി താഴെപ്പറയും പ്രകാരം ആകെ 25,96,507/-രൂപ പിലിക്കോട് സെക്ഷന്റെ ബാങ്ക് അക്കൗണ്ട് നം.67033196928/SBI കയ്യൂർ ബ്രാഞ്ചിലേക്ക് നിക്ഷേപം നടത്തിയിട്ടുണ്ട്.

1.ബിൽ നം.15/2019-20/തിയ്യതി -18.12.2019 പ്രകാരം 4,69,303/-രൂപ

2.ബിൽ നം.16/2019-20/തിയ്യതി -18.12.2019 പ്രകാരം 4,00,000/-രൂപ

3.ബിൽ നം.17/2019-20/തിയ്യതി -18.12.2019 പ്രകാരം 1,30,697/-രൂപ

4.ബിൽ നം.18/2019-20/തിയ്യതി -18.12.2019 പ്രകാരം 4,50,000/-രൂപ

5.ബിൽ നം.19/2019-20/തിയ്യതി -18.12.2019 പ്രകാരം 4,54,479/-രൂപ

6.ബിൽ നം.20/2019-20/തിയ്യതി -18.12.2019 പ്രകാരം 4,92,028/-രൂപ

7.ബിൽ നം.23/2019-20/തിയ്യതി -31.1.2020 പ്രകാരം 5,444/-രൂപ

8.വൗച്ചർ നം.21901287തിയ്യതി -18.12.2019 പ്രകാരം 1,94,556/-രൂപ

ഈ പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ 25,96,507/-രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തതിന്റെ വിശദവിവരങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.10/23.6.2021)

## 1-14 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S0022/20 |
| പ്രോജക്ടിന്റെ പേര് | 8,9,10 ക്ലാസ്സിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ<br>ജി.ഡബ്ള്യു.യു.പി.സ്കൂൾ, ചെറുവത്തൂർ |
| അടങ്കൽ | 2,50,000/-രൂപ<br>വികസന ഫണ്ട് (ജനറൽ) |
| ചെലവ് തുക | 2,49,150/-രൂപ |
| ട്രഷറി ബിൽ നമ്പർ, തീയതി | 06/19-20 / 21-01-2020 |

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ S0022/20 പ്രകാരം 8,9,10 ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതിയിൽപെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതിക്കായി വികസന ഫണ്ടിൽ (ജനറൽ) നിന്ന് 2,49,150/-രൂപ ചെലവഴിച്ചിട്ടുണ്ട്.

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

1)പദ്ധതിക്കുവേണ്ടി ഫർണിച്ചറുകൾ വാങ്ങിയ സ്ഥാപനത്തിന്റെ ഇൻവോയ്സ് / ബിൽ ഫയലിൽ ലഭ്യമല്ല. ഏത് സ്ഥാപനത്തിൽ നിന്നാണ് ഫർണിച്ചറുകൾ വാങ്ങിയത് എന്നതിനുള്ള യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2)ഈ പദ്ധതി പ്രകാരം വാങ്ങിയ ഫർണിച്ചറുകൾ ഏതൊക്കെ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് വിതരണം നടത്തിയിട്ടുള്ളത് എന്നത് സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. വാങ്ങിയ ഫർണിച്ചറുകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3)ഈ പദ്ധതിക്ക് വേണ്ടി ഗ്രാമസഭ/വാർഡ്സഭ അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4)പദ്ധതിക്കുവേണ്ടി വാങ്ങിയ ഫർണിച്ചറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

5)ഈ പദ്ധതിക്ക് വേണ്ടി അംഗീകരിച്ച വിദ്യാർത്ഥികളുടെ അപേക്ഷ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

6)ആനുകൂല്യം കൈപ്പറ്റിയ വിദ്യാർത്ഥികൾ പട്ടികജാതിയിൽ ഉൾപ്പെട്ടവരാണെന്ന തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

7)നിലവിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടികജാതി വികസന വകുപ്പ് എന്നിവ മുഖേന സമാനമായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആയതിനാൽ ഗുണഭോക്താക്കൾക്ക് മേൽ സ്ഥാപനങ്ങളിൽ നിന്നും ഫർണിച്ചർ ലഭിച്ചിട്ടില്ലായെന്നത് സംബന്ധിച്ച സാക്ഷ്യപത്രം ബന്ധപ്പെട്ട പട്ടികജാതി വികസന വകുപ്പ് ഓഫീസറിൽ നിന്നും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

8)ഫർണിച്ചറുകൾ വാങ്ങിയ സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥനും സ്ഥാപനവും കരാർ ചമച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

9)ഈ പദ്ധതിക്ക് പർച്ചേസ് കമ്മിറ്റി, ഭരണസമിതി എന്നിവ ടെണ്ടർ അംഗീകരിച്ചത്. ലഭ്യമാക്കിയ ഫർണിച്ചറുകൾ ഗുണനിലവാരം പരിശോധിച്ചത്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അതിനാൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ചെലവ് തുക 2,49,150/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (24-06-2021 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.14)

## 1-15 പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S0017/20 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ<br>ജി.ഡബ്ല്യു.യു.പി.സ്കൂൾ, ചെറുവത്തൂർ |
| അടങ്കൽ | 3,50,000/-രൂപ<br>വികസന ഫണ്ട് (ജനറൽ) |
| ചെലവ് തുക | 3,03,858/-രൂപ |
| ട്രഷറി ബിൽ നമ്പർ, തീയതി | 02/19-20 / 07-11-2019 |

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ S0017/20 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ പദ്ധതിക്കായി വികസന ഫണ്ടിൽ (ജനറൽ) നിന്ന് 3,03,858/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ ബിരുദ – ബിരുദാനന്തര കോഴ്സുകൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന 9 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി വിതരണം ചെയ്യുന്നതിനായി പദ്ധതി വിഭാവനം ചെയ്തത്.

| ക്രമ.നം | വിദ്യാർത്ഥികളുടെ പേര് |
|---|---|
| 1 | വിനയപ്രിയ പി |
| 2 | സോന എം |
| 3 | അതുല്യ ടി സുധാകർ |
| 4 | ദിവ്യ പി ആർ |
| | |

| | |
|---|---|
| 5 | അമൽ സതീഷ്കുമാർ |
| 6 | സ്നേഹരവി യു |
| 7 | അമൃത കെ.എസ് |
| 8 | വിഷ്ണു.ടി |
| 9 | അനാമിക ശേഖർ എം |

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

1)പദ്ധതിക്കുവേണ്ടി ലാപ് ടോപ്പുകൾ വാങ്ങിയ സ്ഥാപനത്തിന്റെ ഇൻവോയ്സ് / ബിൽ ഫയലിൽ ലഭ്യമല്ല. ഏത് സ്ഥാപനത്തിൽ നിന്നാണ് ലാപ് ടോപ്പുകൾ വാങ്ങിയത് എന്നതിനുള്ള യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല. ആയത് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2)ഗ്രാമ വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല. ആയത് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3)പദ്ധതിക്കുവേണ്ടി വാങ്ങിയ ലാപ് ടോപ്പുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4)ഈ പദ്ധതിക്ക് പർച്ചേസ് കമ്മിറ്റി, ഭരണസമിതി എന്നിവ ടെണ്ടർ അംഗീകരിച്ചത്, ലഭ്യമാക്കിയ ലാപ് ടോപ്പ് ഗുണനിലവാരം പരിശോധിച്ചത്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നീ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

5)നിലവിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടികജാതി വികസന വകുപ്പ് എന്നിവ മുഖേന സമാനമായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആയതിനാൽ ഗുണഭോക്താക്കൾക്ക് മേൽ സ്ഥാപനങ്ങളിൽ നിന്നും ലാപ് ടോപ്പ് ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട പട്ടികജാതി വികസന വകുപ്പ് ഓഫീസറിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

